# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *44** 29.10.2019 ൽ മറുപടിക്ക്

## ഖാദി മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്നതരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വാർഷിക പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി നിലവിലുള്ള അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്ന |

തിന്റെ ഭാഗമായി പഴയവയ്ക്ക് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യ വൽക്കരണം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു. പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി മൊത്തം പദ്ധതി ചിലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു.

(ബി) ഖാദി വസ്ത്രങ്ങളുടെ വിപണനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(സി) ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേതനം 03/08/2018 ലെ സ.ഉ. (അച്ചടി) നം. 64/2018/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയത് എസ്.ആർ.ഒ.നമ്പർ 543/2018 പ്രകാരം 06/09/2018 ൽ കേരള ഗസറ്റിൽ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പുതുക്കിയ മിനിമം വേതനം 01/08/2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഖാദി തൊഴിലാളികൾക്കായി ഈ സർക്കാർ നടപ്പാക്കിയ ഇൻകം സപ്പോർട്ട് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാമ്പത്തിക താങ്ങൽ പദ്ധതിക്കായി (ഇൻകം സപ്പോർട്ട് സ്കീം) ഖാദി & വില്ലേജ് ബോർഡിന് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക |
|---|---|
| 2016 - 2017 | 29,64,50,000/- |
| 2017 - 2018 | 24,50,00,000/- |
| 2018 - 2019 | 21,80,00,000/- |
| 2019 - 2020 | 21,00,00,000/-<br>(7 കോടി + 14 കോടി) |

സംസ്ഥാന സർക്കാരിന്റെ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ലഭിക്കുന്ന തുക പ്രയോജനപ്പെടുത്തിയാണ് ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കി വരുന്നത്. ഖാദി ബോർഡ് തൊഴിലാളികൾക്ക് നിലവിലുള്ള വേതന കുടിശ്ശിക പൂർണ്ണമായും നൽകിയിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള മിനിമം വേതനം തൊഴിലാളികൾക്ക് നൽകുന്നതിനായി പ്രതിവർഷം 55 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

Radhakrishnan

സെക്ഷൻ ഓഫീസർ